**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 815** **26-07-2021 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ എൽ.പി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പിറവം നിയോജക മണ്ഡലത്തിലെ രാമമംഗലം, തിരുമാറാടി, മണ്ണത്തൂർ, കുത്താട്ടുകുളം, വടകര എൽ.പി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് വിലയിരുത്തൽ നടത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും, അവ പരിഹരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. പ്രസ്തുത സ്കൂളുകളിലെ വിലയിരുത്തൽ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത എൽ.പി. സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസ വകുപ്പിന് പദ്ധതിയിനത്തിൽ വകയിരുത്തുന്ന തുക വിനിയോഗിച്ച് സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കെട്ടിട നിർമ്മാണത്തിന് പ്രൊപ്പോസൽ ലഭ്യമാകുന്നതനുസരിച്ച് ഭരണാനുമതി നൽകുന്നുണ്ട്. കെട്ടിട നിർമ്മാണത്തിന് ഭരണാനുമതിക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) | പ്രസ്തുത വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഭരണാനുമതി നൽകുന്നതിന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ